**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 168** **04-10-2021 - ൽ മറുപടിയ്ക്ക്**

**കക്കയം കുടുംബാരോഗ്യ കേന്ദ്രത്തിന്റെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.എം.സച്ചിൻദേവ്** | | **Smt Veena George**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | കുരാച്ചുണ്ട് പഞ്ചായത്തിലെ കക്കയം കുടുംബാരോഗ്യ കേന്ദ്രത്തിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കാമോ; | (എ) | സർക്കാരിന്റെ ആർദ്രം മിഷൻ മൂന്നാം ഘട്ടത്തിൽ കക്കയം പ്രാഥമികാരോഗ്യകേന്ദ്രത്തെ സ.ഉ (ആർ.ടി) നം. 1947 /2020/ ആകുവ, , തിരുവനന്തപുരം, തീയതി, 22.10.2020 പ്രകാരം കുടുംബാരോഗ്യകേന്ദ്രമായി ഉയർത്താൻ തിരഞ്ഞെടുത്തിട്ടുണ്ട്. നിലവിൽ സ്ഥാപനത്തിന് സ്വന്തമായി സ്ഥലമോ, ഭൂമിയോ ഇല്ല. കെ.എസ്.ഇ.ബിയുടെ കൈവശമുള്ള സ്ഥലത്തും കെട്ടിടത്തിലുമാണ് സ്ഥാപനം പ്രവർത്തിച്ചു വരുന്നത്. സ്വന്തമായി സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് സ്ഥാപന ത്തിന്റെ കെട്ടിട നിർമ്മാണം അടക്കമുള്ള വികസന പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകുന്നതാണ്. |
| (ബി) | കക്കയം കുടുംബാരോഗ്യ കേന്ദ്രത്തിന് ഭൂമിവിട്ടുകിട്ടുന്നതിനുള്ള അപേക്ഷ ഇലക്ട്രിസിറ്റി ബോർഡിന് ആരോഗ്യവകുപ്പ് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ഭൂമിയാണ് ആവശ്യപ്പെട്ടിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) | കക്കയം കുടുംബാരോഗ്യ കേന്ദ്രത്തിന് ഭൂമിവിട്ടു കിട്ടുന്നതിനുള്ള അപേക്ഷ ഇലക്ട്രിസിറ്റി ബോർഡിന് ആരോഗ്യവകുപ്പ് നൽകിയിട്ടുണ്ട്. കക്കയം പ്രാഥമികാ രോഗ്യകേന്ദ്രം സ്ഥിതിചെയ്യുന്ന ഒരു ഏക്കറോളം വരുന്ന സ്ഥലമാണ് ആവശ്യപ്പെട്ടിട്ടുള്ളത്. എന്നാൽ ഇതു വരെ ഭൂമി സ്വന്തമായി ലഭ്യമായിട്ടില്ല. |
| (സി) | അമ്പലക്കുന്ന് ആദിവാസി മേഖലയിലുള്ളവർക്ക് ആശ്രയിക്കാൻ കഴിയുന്ന ഏക ആരോഗ്യ കേന്ദ്രമായ കക്കയം കുടുംബാരോഗ്യ കേന്ദ്രം നവീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ? | (സി) | കക്കയം പ്രാഥമികാരോഗ്യകേന്ദ്രത്തെ സർക്കാരിന്റെ ആർദ്രം മിഷൻ പദ്ധതിയിൽ മൂന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി അടിസ്ഥാന സൗകര്യങ്ങൾ, രോഗീ സൗഹൃദ അന്തരീക്ഷം എന്നിവ വർദ്ധിപ്പിച്ച് കുടുംബാരോഗ്യകേന്ദ്രമാക്കി മാറ്റാൻ തിരഞ്ഞെടു ത്തിട്ടുണ്ട്.സ്വന്തമായി ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് ആർദ്രം പദ്ധതി വിഭാവനം ചെയ്യുന്ന രീതിയിൽ സ്ഥാപനത്തെ കുടുംബാരോഗ്യകേന്ദ്രമാക്കി മാറ്റുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ